സ്ഥാപിക്കുന്നതിനായി 50,000 രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു കേരഗ്രാമത്തിന് 10 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം യൂണിറ്റൊന്നിന് 10,000 രൂപ നിരക്കിൽ പരമാവധി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

പദ്ധതി പ്രവർത്തന ചിലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000 രൂപ പ്രകാരം 26 കേര ഗ്രാമങ്ങൾക്ക് 2.6 ലക്ഷവും, പഞ്ചായത്തുതല കേരസൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി കേരഗ്രാമം ഒന്നിന് 10 ലക്ഷം രൂപ എന്ന നിരക്കിൽ ആകെ 26 കേരഗ്രാമങ്ങൾക്കായി 260 ലക്ഷം രൂപയും ധനസഹായം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

2. നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന 'ഇടുക്കി പാക്കേജ്' പദ്ധതി പ്രകാരം സംയോജിത തെങ്ങു കൃഷി വികസന പദ്ധതി ഇടുക്കി ജില്ലയിൽ 2-ാം വർഷം നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 7500 രൂപ നിരക്കിൽ 805 ഹെക്ടറിന് 60.375 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

റബ്ബർ വിലയിടിവുമൂലം കർഷകർക്കുണ്ടാകുന്ന പ്രതിസന്ധികൾ

159 (1528) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) റബ്ബർ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) റബ്ബറിനേർപ്പെടുത്തിയിരിക്കുന്ന മൂല്യ വർധിത നികുതി പിൻവലിക്കുന്നതും ടി തുകകൂടി കർഷകർക്കു നൽകുന്നതും, പ്രതിസന്ധിലായ കർഷകരെ സഹായിക്കുന്നതിന് ഉപകരിക്കുമെന്നു വിലയിരുത്തപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നടപടി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റബ്ബർ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എംഎസ്.) നമ്പർ 56/2014/കൃഷി, തീയതി 25-2-2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിത പ്പെടുത്തിക്കൊണ്ട് കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വിലസ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നലകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ, സ.ഉ. (എംഎസ്.) നമ്പർ 232/2014/കൃഷി തീയതി 13-10-2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽനിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്.

തുടർന്ന് സ.ഉ.(എംഎസ്.)നമ്പർ 254/2014/കൃഷി തീയതി, 6-11-2014 പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് റബ്ബർ സംഭരണം അടിയന്തരമായി പുനരാരാംഭിക്കുന്നതിനായി സ.ഉ.(എംഎസ്.)നമ്പർ 176/2014/കൃഷി തീയതി 16-8-2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ച നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 304/2014/കൃഷി തീയതി 15-12-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9 രൂപയായി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ (എംഎസ്.) നമ്പർ 41/2015 തീയതി 11-3-2015 പ്രകാരം കൃഷി വകുപ്പിന്റെ വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതിപ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ച നൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കറവ് എന്ന നിരക്ക്, കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി&സി) അന്താരാഷ്ട്ര വിപണിയിൽ ക്രംബ് റബ്ബറിനുണ്ടായിരുന്ന കറഞ്ഞ വില കാരണം ഇത്തരം റബ്ബർ അന്യ രാജ്യങ്ങളിൽനിന്ന് കൂടുതൽ ഇറക്കുമതി ചെയ്യുന്ന പ്രവണതയാണ് തദ്ദേശ റബ്ബറിന്റെ വിലക്കുറവിന് കാരണമെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അത് ഫലപ്രദമായി തടയുന്നതിനും കൂടിയാണ് പ്രകൃതിദത്ത റബ്ബറിനെ നികതി വിമുക്തമാക്കിയതും Price stabilization scheme നടപ്പിലാക്കിയതും. ഡിസംബർ 22-ാം തീയതി മുതൽ നടപ്പിലാക്കിയ Price stabilization scheme-നെ തുടർന്ന് ടയർ കമ്പനികൾ കൂടുതൽ റബ്ബർ കേരളത്തിൽ നിന്നും വാങ്ങുകയും റബ്ബറിന് നേരിയ തോതിലെങ്കിലും വില വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. മുമ്പ് ഉണ്ടായിരുന്ന റബ്ബർ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ സർക്കാർ ഉദ്ദേശിച്ച കിലോയ്ക്ക് 130 രൂപ എന്ന വില പൂർണ്ണമായും കർഷകർക്ക് എല്ലാ ദിവസവും ലഭിക്കുകയുണ്ടായില്ല. ഇതിനെ തുടർന്ന് 1-1-2015 മുതൽ Price Stabilization fund സർക്കാർ പിൻവലിക്കുകയുണ്ടായി.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് കാരണമായ കരാർ

160 (1529) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രശ്നങ്ങൾ എന്തുകാരണം കൊണ്ടാണ് ഉണ്ടായത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രശ്നങ്ങൾക്ക് കാരണമായ കരാർ ഏതാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കരാർ ഏതു വർഷത്തിലാണ് നടപ്പിലായതെന്നും ഏത് കേന്ദ്ര സർക്കാരിന്റെ കാലത്താണ് ഇതിൽ ഒപ്പുവച്ചതെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly